# ഗവ: ഗേൾസ് എച്ച്.എസ് ആലപ്പുഴ

## സമർപ്പിക്കുന്ന




ജി.ജി.എച്ച്.എസ്.ആലപ്പുഴ

# ആശംസ



ആദ്യാക്ഷരങ്ങൾ
കുറിക്കുന്ന പൊന്നോമന,
അക്ഷരങ്ങൾ ചേർത്തുവച്ച് വാക്കുകൾക്കും ആശയങ്ങൾക്കും
രൂപം നൽകുന്നു. വീണ്ടും അത് മനസ്സിലെ അനുഭൂതികളെ
വർണ്ണിക്കുന്ന കവിതകളായി ആവിഷ്കരിക്കുന്നു.
ആശയങ്ങളേയും അനുഭൂതികളേയും സാങ്കേതികവിദ്യയിലൂടെ
അനന്തമായ അറിവിന്റെ വാനത്തിലേക്ക് സുവർ
ണച്ചിറകുകൾ നൽകി സർഗാത്മകതയുടെ
പടവുകളേറുന്നു,ആധുനിക ഹൈടെക്ക്
ക്ലാസുമുറികൾ.

വിജയാശംസകൾ, ഗവ: ഗേൾസ് ഹൈസ്കൂളിലെ ലിറ്റിൽ
കൈറ്റ്സിന്,

'ദ്യുതി' എന്ന ഡിജിറ്റൽ മാസികയ്ക്ക് ഭാവുകങ്ങൾ

റാണി തോമസ്
ഹെഡ്മിസ്ട്രസ്
ഗവ: ഗേൾസ് ഹൈസ്കൂൾ
ആലപ്പുഴ

# എഡിറ്റോറിയൽ

റാണി തോമസ് (എച്ച്.എം.)
നോബിൾ.കെ.ജെ.(മലയാളവിഭാഗം അദ്ധ്യാപകൻ)
ആര്യ.ജി
ദേവി.ജി
മറിയം ബിന്ദ് നിയാസ്
ഗോബില.കെ
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

# കവർ പേജ്

ദേവയാനി ബിജു

# കടങ്കഥകൾ

നിത്യവും കുളിക്കും ഞാൻ നിത്യവും
നീരാടും എന്നിട്ടും കറുത്ത് കാക്കയെപ്പോലെ....

-അമ്മിക്കല്ല്

വെള്ളത്തിൽ പറന്ന്
വെള്ളത്തിൽ വളർന്ന്
വായുവിൽ  പറന്നു....

-കൊതുക്

ഉള്ളിൽ അറബിക്കടൽ
അതിനുമേലെ വെള്ളിത്തകിട്
അതിനുമേലെ പൊന്നിൻ തകിട്
ചുറ്റിലും പൊന്തം പൊന്തം

-തേങ്ങ

കലഹത്തിൽ മുമ്പൻ
പകയിൽ പിമ്പൻ

-' ക' എന്ന അക്ഷരം

വെള്ളം കുടിയൻ കുടവയറൻ
വയറങ്ങു പൊട്ടിയാൽ
പിന്നെതാമസം ചേറിൽ -മൺകുടം

കുടിൽ തൊട്ട് കൊട്ടാരം
വരെ പ്രവേശനം
സ്വാതന്ത്ര്യം കൂടിയാലും കുഴപ്പം....
-ഉപ്പ്

ചെറുതിരിയൊന്നിൽ
ചെറുമണിയേറെ
-കുരുമുളക്

ഞാൻ നോക്കിയാലെന്നെ
നോക്കും
ഞാൻ ചിരിച്ചാലവനും
ചിരിക്കും - കണ്ണാടി

പൂട്ടാനെളുപ്പം

തുറക്കാൻ പ്രയാസം....

-തൊട്ടാവാടിച്ചെടി

കാലിൽ പിടിച്ചാൽ

തോളിൽ കയറും... - കുട

# ജീവസ്സ്

പിന്നിട്ട കാലത്തിൻ സംസ്കാര ജീവസ്സിൻ
ശേഷിപ്പ തേടി ഞാനൊരു യാത്രയ്ക്കൊരുങ്ങവേ
കുട്ടിതെൻ സംസ്കാര ജീവാംശംതേടി ഞാൻ
ളുണായ ളുണിലും ളുരുംമ്പിലും ആകവേ


ഏകനാം എന്നെ നെഞ്ചോട്ട ചേർക്കുവാൻ
ഇരുട്ടൻ കൈകൾ മാത്രം നീളുന്നു
ആ കൈകളിൽ കിടന്നു വിങ്ങി മരിക്കാതെ
ഞാൻ മാത്രം തനിയെ ഇരുട്ടിനെ ളുരക്കുന്നു.

കണ്ടുഞാൻ പാശ്ചാത്യം സംസക്കാര കോട്ടയിൽ
എൻ സംസ്കാര ജീവസിൻ ചിതയെരിയുന്നത്
ആ ചിതയിൽ നിന്നും ഒരു നുള്ള് ഭസ്മം
നെഞ്ചിൽ തൊട്ടെൻ ആത്മാവിൽ     വാങ്ങവേ

അറിയുന്നു സംസ്കാര പുനർജന്മ കൊടും കാറ്റായ്
ഈ ഭാരത മണ്ണിലൂടാകവേ വീശും ഞാൻ
ഈ പാശ്ചാത്യ സംസ്കാര കോട്ട തകർക്കും ഞാൻ.

ദേവയാനി ആർ കൃഷ്ണ

# ഒരു നേർത്ത കനവു പോലെ



ഒരു ചെറു പനിനീർ പൂവ് പോലെ
അന്ന് നീ എന്നെ വന്ന് തലോടിയപ്പോൾ
അറിയാതെ  ഞാൻ നിന്നിലേക്കലിഞ്ഞുപോയി
നിന്റെ ആർദ്ര സ്പർശനത്തിൽ മുഴുകിപോയി
എന്റെ സന്തോഷങ്ങളിൽ നീ ചിരിച്ചു
എന്റെ ദുഃഖങ്ങിൽ നീ കരഞ്ഞു
നീ എന്നോട് എന്തെല്ലാം പറഞ്ഞുവോ
അതൊക്കെ ഞാൻ ശ്രദ്ധിച്ചു കേട്ടു
എന്നിട്ടും എന്തിനു സുഹൃത്തേ
നീ എന്നെ തനിച്ചാക്കി?

ഗോപിക.പി.എ

# അതേ പ്രാർത്ഥന

വസന്തത്തോടർത്തിച്ചത് വെറുതെയായില്ല, തേന്മാ-
വടിമുടി പൂങ്കുലകളിണ്ണിഞ്ഞു നിന്നു.
ഒരു പൂവും കൊഴിയാതെയുണ്ണികൾ വിരിഞ്ഞു, പിന്നീ
ടൊരുണ്ണിയും പിഴ്ക്കാതെ വളർന്നുവന്നു.
സമൃദ്ധി മുറ്റിടുംതോറും കുനിയുകെന്നറിവുറ്റാ-
രനധ്യായം പഠിപ്പിച്ചതിനെച്ചൂണ്ടി.
വേനൽ ചുഴന്നൂതിയൂതിയതിൻ നിക്ഷേപമോരോന്നും
മാണിക്യരത്നങ്ങളാകാൻ മുതിർന്നതേയുള്ളൂ
ആയിരമണ്ണാർക്കണ്ണന്മാർ പാഞ്ഞുകേറീ കൊമ്പുകളി-
ലായിരം കാക്കകളതിൽപ്പറന്നു വീണു.
ആയിരം കൊച്ചടികളത്തണൽ വിരിയില്പ്പതിഞ്ഞൂ
മായികനഗരം പോലത്തോപ്പു ചമഞ്ഞൂ,
അയൽപ്പാതവക്കത്തെന്നുവഴിപ്പണിക്കുടച്ചിട്ടോ-
രുരുളൻകല്ലുകൾക്കൊക്കെച്ചിറകും വന്നു
എല്ലാമെല്ലാം കഴിഞ്ഞപ്പോളമ്മാമരം കവലുഷമാം
സ്വർലോകത്തിൻ നടയിങ്കൽക്കരഞ്ഞു നിന്നു

പിന്നത്തെ വസന്തത്തോടുമർഥിക്കയായ്, "ഭഗവാനെ
തന്നരുൾകെനിക്കു വീണ്ടും സഫലജന്മം."
വേറെന്തുള്ള വരമെങ്കിൽ, ദേവനാക്രോശിച്ചു," സാധോ
വേദനയ്ക്കു വേണ്ടിത്താനോ ചോദിപ്പൂ വീണ്ടും!"
പരിസ്ഫുരൽപ്രഭാതാംശു പതിയും പല്ലവം മെല്ലെ-
ച്ചലിക്കുമാറമ്മാകന്ദം മൊഴിഞ്ഞിതേവം;
"സമൃദ്ധിതൻ കണ്ണീരെത്ര പുളിച്ചാലും വരം; അയ്യോ,
ദരിദ്രന്റെ മരവിപ്പാണസഹനീയം!"
ത്രിവിക്രമന്നു മുമ്പിൽ

[ഇടശ്ശേരി ഗോവിന്ദൻനായർ]



# മുനിയറകൾ

മഹാശിലായുഗ സംസ്കാരത്തിന്റെ അവശിഷ്ടങ്ങളാണ് മുനിയറകൾ. ഇടുക്കി ജില്ലയിലെ മറയൂരിലും പരിസരപ്രദേശങ്ങളിലും മുനിയറകൾ കാണാം.

ശിലായുഗത്തിൽ മരിച്ചവരുടെ ശരീരം മറവുചെയ്ത കല്ലുകളാണ് ഇവ എന്നു പറയപ്പെടുന്നു.മുനിമാർ തപസ്സു ചെയ്തിരുന്ന സ്ഥലങ്ങളാണ് മുനിയറകൾ എന്നും വാദമുണ്ട്.

ഒരാൾക്ക് നിൽക്കുകയും കിടക്കുകയും ചെയ്യാവുന്ന ഉയരവും വിസ്താരവുമുണ്ട് മുനിയറകൾക്ക്.

കേരളത്തിൽ ശിലായുഗസംസ്കാരം ഇല്ല എന്നു വാദിച്ച ഗവേഷകരുണ്ട്. ഇവർക്കുള്ള ശക്തമായ മറുപടിയാണ് മുനിയറകൾ. അതിനെ സംബന്ധിച്ച പഠനങ്ങൾ നമ്മുടെ നാടിന്റെ ചരിത്രത്തെ നൂറ്റാണ്ടുകളോളം പിന്നിലേക്ക് എത്തിക്കുന്നു.ശിലായുഗത്തിന്റെ അവസാന കാലമായ മഹാശിലായുഗത്തിന്റെ അവശിഷ്ടങ്ങൾക്ക് അർഹിക്കുന്ന പരിഗണന ലഭിക്കുന്നില്ല എന്നതാണ് സത്യം.

നാലു വശത്തും കൽപ്പാളികൾ കൊണ്ട് മറച്ചവയാണ് മുനിയറകൾ. മുകളിൽ വലിയൊരു മൂടിക്കല്ലും. പ്രസിദ്ധ പുരാവസ്തു ഗവേഷകനായ ഡോക്ടർ എസ്. പദ്മനാഭൻ തമ്പി വളരെയധികം ശിലായുഗ സ്മാരകങ്ങളെക്കുറിച്ച് പഠിച്ചിട്ടുണ്ട്.





# പശ്ചിമഘട്ടത്തിലെ വന്യജീവികൾ

| | |
|---|---|
| നാടൻകുരങ്ങ് | Macaca radiata. Bonnet Macaque |
| സിംഹവാലൻകുരങ്ങ് | Macaca silenus . Lion-Tailed Macaque |
| കരിം കുരങ്ങ് | Trachypithecus johnii. Nilgiri Langur |
| പുള്ളിപ്പുലി | Panthera pardus. Panther,Leopard |
| കുറുക്കൻ | Canis aureus. jackal |
| കുറുനരി | Vulpus Bengalensis. Indian Fox |
| കാട്ടുനായ | Cuon alpinus. Indian wild Dog |
| കരടി | Melursus ursinus. Sloth Bear |
| മലയണ്ണാൻ | Ratufa Indica. Malabar Giant Squirrel |
| മുള്ളൻപന്നി | Hystrix indica. Indian Porcupine |
| ആന | Elephas maximus. Indian Elephant |
| കാട്ടു പോത്ത് | Bosguarus. Indian Bison |
| കേഴമാൻ | Munticaus muntjak. Barking Deer |
| പുള്ളി മാൻ | Axis axis. Spotted Deer |

# ഓണച്ചൊല്ലുകൾ

- രണ്ടോണം രണ്ടും രണ്ടും രവണിം
- മൂന്നോണം മുക്കീം മൂളീം
- നാലോണം നക്കിയും തുടച്ചും
- അഞ്ചോണം പിഞ്ചോണം
- ആറോണം അരിവാളും വള്ളിയും
- അത്തം പത്തിന് പൊന്നോണം
- ചോതി പുഴുങ്ങാനും നെല്ല് തായോ
- ഓണം കഴിഞ്ഞാൽ ഓലപ്പുര ഓട്ടപ്പുര
- ഓണം പോലെയാണോ തിരുവാതിര
- അത്തംപത്തോണം വന്നടുത്തടോ നായരെ
- ഓണം വരാനൊരു മൂലം വേണം

# राष्ट्रपिता

मंच पर बैठे आदरणीय गुरुजनो और मेरे प्यारे मित्रो, सबको मेरा प्रणाम ।

आज गाँधीजी के बारे में कुछ बातें करने के लिए मैं आपके सामने उपस्थित हूँ । गाँधीजी हमारे राष्ट्रपिता हैं । उन्होंने अपनी आत्मकथा ‘ सत्य की खोज ’ में लिखा है- मेरा जीवन ही मेरा संदेश है । जब कोई अपने आदर्शों और सिद्धांतों को शब्दों से अधिक कर्मों से व्यक्त करता है तब वे प्रेरणादायक और अनुकरणीय बनते हैं ।

गाँधीजी का पूरा नाम मोहनदास करमचंद गाँधी है । वे बचपन में सत्य पर पूरा विश्वास रखते थे । लेकिन बुरी संगति में पडकर उन्होंने कुछ गलतियाँ कीं ।‘ सत्य हरिश्चंद्र’ नाटक से प्रेरणा पाकर उन्होंने सत्यनिष्ठा का प्रण लिया और ज़िंदगी भर


उसका पालन करते रहे। उनका कहना है कि मेरा धर्म सत्य और अहिंसा पर आधारित है। सत्य मेरा ईश्वर और अहिंसा उसे पाने का साधन।

गाँधीजी सच्चे अर्थों में एक महात्मा हैं जो अपने सोच, व्यवहार और कर्मों के द्वारा एक साधारण व्यक्ति से महान बने। आइनस्टीन ने ठीक ही कहा था कि आनेवाली पीढि बडी कठिनाई से विश्वास करेगी कि इसप्रकार का कोई रक्त मांसवाला पुरुष इस दुनिया में जीवित कहा था।

इतना कहकर मैं अपना छोटा- सा भाषण समाप्त करता हूँ।

धन्यवाद

# മഴ



ഉച്ച നേരത്തൊരു കൊച്ചു മയക്കത്തിൽ
പിച്ച വച്ചെത്തിയ കാർമുകിലെ
തല്ലിച്ചിതറുമാ ചില്ലുകാണക്കെയെൻ
മുന്നിലുന്മാദിനിയായി പൊഴിഞ്ഞുവോ.......

പൂക്കുന്ന തൈമാവിൻ ചില്ലകളും
നിരന്നാടുന്ന കൈത്തോലക്കൂട്ടങ്ങളും
കാറ്റിൽ ചാഞ്ചാടിയാടുവയൽ പൂക്കളും
മഴപ്പെണ്ണിൻെറ കുളിരെറ്റു വാങ്ങുന്നുവോ...

പുഴ മേലെ ഓളങ്ങൾ അണയുന്നുവോ
മലമുകളിലെ ഉറവയോടി ഒഴുകുന്നുവോ
നിൻെറ സ്മ്രതി ഗീതം അലകളായ് തഴുകിടുമ്പോൾ
എൻെറ ഗതകാല സ്മരണകൾ ഉണരുന്നിതാ.......



മഴയൊരു ഗീതമാകുന്നുവോ

എൻ മനമൊരു മയിലായ് ആടുന്നുവോ


നീളുന്ന ചെമ്മണ്ണ പാതകളിൽ.........

മഴനീരു നുഴയുന്ന നാഗത്തെ പോൽ

ദൂരെ മഴനീരു നുഴയുന്നു നാഗത്തെ പോലെ......

**Devika.S.Dileep**
**V111 A**

# ഓസോൺ പാളിയെ സംരക്ഷിക്കാം.......




ഭൂമിയുടെ അന്തരീക്ഷത്തിൽ ഓസോണിന്റെ അളവ് കൂടുതലുള്ള പാളിയാണ് ഓസോൺ പാളി. സൂര്യനിൽ നിന്ന് വരുന്ന അൾട്രാവയലറ്റ് രശ്മികളിൽ 93 – 99% ഭാഗവും ഈ പാളി ആഗിരണം ചെയ്യുന്നു.ഭൂമിയിലുള്ള ജീവികൾക്ക് ഹാനികരമാകുന്നവയാണ് അൾട്രാവയലറ്റ്

രശ്മികൾ. ഭൂമിയുടെ അന്തരീക്ഷത്തിൽ ഓസോണിന്റെ 91% വും ഈ ഭാഗത്താണ് കാണപ്പെടുന്നത്. സ്ട്രാറ്റോസ്ഫിയറിന്റെ താഴ്ഭാഗത്തായാണ് ഇത് സ്ഥിതി ചെയ്യുന്നത്.ഏകദേശം ഭൂനിരപ്പിൽ നിന്ന് 10 മുതൽ 50 കി.മീറ്റർ ഉയരത്തിലാണ് ഈ പാളിയുടെ സ്ഥാനം. ഇതിന്റെ കനവും സ്ഥാനവും ഒരോ മേഖലയിലും വ്യത്യസ്തമാകാം.

ഉത്തരധ്രുവത്തിലെ ഓസോൺ പാളി ആശങ്കാജനകമാകും വിധം നശിച്ചിരിക്കുന്നതായി ലോക കാലാവസ്ഥ സംഘടനയുടെ റിപ്പോർട്ട്. മാർച്ച് മാസം അവസാനത്തെ റിപ്പോർട്ടുകൾ അനുസരിച്ച് ഓസോൺ പാളിയുടെ 40% നശിച്ചിരിക്കുകയാണ്. 2010 ൽ ഇതെ സമയം ഇത് 30% ആയിരുന്നു. അന്തരീക്ഷ പാളിയായ സ്ട്രാറ്റോസ്ഫിയറിലെ ശീതകാലാവസ്ഥയാണ് ഇതിനു കാരണമെന്നാണ് ഗവേഷകർ പറയുന്നത്.

ക്ലോറോ ഫ്ളൂറോ കാർബണുകൾ (സി.എഫ്.സി) പോലുള്ള രാസവസ്തുക്കളുടെ അന്തരീക്ഷത്തിലെ സാന്നിധ്യമാണ് ഓസോൺ പാളിയുടെ നാശത്തിനു

കാരണം. സ്ട്രാറ്റോസ്ഫിയറിലെ തണുപ്പേറിയത് ഈ രാസവസ്തുക്കളുടെ പ്രതി പ്രവർത്തനത്തിന് ആക്കം കൂട്ടുന്നു. ഇതാണ് മുമ്പെങ്ങുമുണ്ടാകാത്ത വിധം ഓസോൺ പാളി നശിക്കാൻ കാരണമെന്ന് ഡബ്ല്യു.എം.ഒ-യിലെ ശാസ്ത്രജ്ഞന്മാരുടെ വിലയിരുത്തൽ.



# സൂചിമുഖിയുടെ മരണം

ഒരു വലിയ പർവ്വതത്തിനു കീഴിലുള്ള ഒരു വലിയ മരത്തിൽ കുറെ കുരങ്ങൻമാർ ജീവിച്ചിരുന്നു. വളരെ തണുപ്പുള്ള ഒരു ദിവസം കുരങ്ങൻമാരിലൊരുവൻ എവിടെനിന്നോ കുറച്ച് മിന്നാമിനുങ്ങുകളെ കൊണ്ടുവന്നു. മറ്റുള്ളവർ കുറെ വിറകും സംഘടിപ്പിച്ച് മരത്തിനു കീഴെ വിറകുകൂട്ടി അതിനുള്ളിൽ മിന്നാമിനുങ്ങിനെയിട്ടശേഷം എല്ലാവരും ചുറ്റും കൂടിയിരുന്ന് ഊതാൻ തുടങ്ങി.

മിന്നാമിനുങ്ങിൽ നിന്നും തീ വരുമെന്നാണ് അവർ കരുതിയിരുന്നത്.

ഇതെല്ലാം കണ്ടുകൊണ്ട് അടുത്തമരക്കൊമ്പിൽ ഇരുന്ന സൂചിമുഖിപ്പക്ഷി പറഞ്ഞു.

"എടാ മഠയന്മാരെ, നിങ്ങൾ എന്താണി കാണിക്കുന്നത്. അത് മിന്നാമിനുങ്ങാണ്. അതിൽനിന്നും തീയുണ്ടാവില്ല."

ഈ തീ ഊതി വിഷമിച്ചിരുന്ന കുരങ്ങന്മാരിൽ ഒരുവൻ വിളിച്ചു പറഞ്ഞു.

"എടീ, നീ ഞങ്ങളുടെ കാര്യത്തിൽ ഇടപെടേണ്ട, അവിടെങ്ങാനും മിണ്ടാതിരുന്നാൽ മതി." സൂചിമുഖി പറഞ്ഞതു കേൾക്കാതെ അവർ വീണ്ടും ഊതാൻ തുടങ്ങിയിരുന്നു .എത്ര ഊതിയിട്ടും തീ വരാതെ നിരാശനായിരിക്കുന്ന കുരങ്ങന്മാരോട് വീണ്ടും സൂചിമുഖി പറഞ്ഞു.

"എടാ കുരങ്ങന്മാരെ, ഇനിയും നിനക്കൊക്കെ നിർത്താറായില്ലേ. നിങ്ങൾ എത്ര ഊതിയാലും അത് കത്താൻ പോണില്ല."

കുരങ്ങന്മാർക്ക് ദേഷ്യം ഇരച്ചുകയറി. കുപിതനായ കുട്ടിക്കുരങ്ങൻ ഒറ്റച്ചാട്ടത്തിന് സൂചിമുഖിയുടെ കഴുത്തിന് പിടിച്ച് ഞെരിച്ചു. ശ്വാസംപോലും കിട്ടാതെ അവൾ പിടഞ്ഞു വീണു മരിച്ചു.

സൂചിമുഖിയുടെ ദാരുണമായ അന്ത്യത്തിൽനിന്നും നമുക്കൊരു കാര്യം മനസ്സിലാക്കാം.

ഗുണപാഠം: "സ്വയം ബുദ്ധിമാൻ എന്നു വിചാരിച്ച് നടക്കുന്നവനേയും യാതൊരു പ്രയോജനവുമില്ലാത്ത പ്രവൃത്തിചെയ്യുന്നവനേയും നിരാശ ബാധിച്ചിരിക്കുന്നവനേയും ഉപദേശിക്കാൻ മെനക്കെടരുത്". അത് ആപത്തു വിളിച്ചുവരുത്തുന്നതിന് തുല്യമാണ്.

# അച്ചടിയന്ത്രം

ലോകം മാറ്റിമറിച്ച കണ്ടുപിടുത്തങ്ങളിൽ അച്ചടിയുടെ കണ്ടുപിടിത്തം ശ്രദ്ധേയമാണല്ലോ. ആംഗ്യ ഭാഷയിലൂടെയും വാമൊഴിയിലൂടെയും ആശയവിനിമയം നടത്തിയ മനുഷ്യർ ക്രമേണ ഗുഹാജീവിയായി . ഗുഹകളിൽ വരച്ച ചിത്രങ്ങളാണ് ആശയങ്ങളുടെ ആദ്യ എഴുത്തുരൂപം . പിന്നീട് ഇലകളിലേക്കും ചൈനക്കാർ കടലാസ് കണ്ടുപിടിച്ചതോടെ കടലാസിലേക്കുമായി . എ.ഡി. 4 -ാം നൂറ്റാണ്ടിലാണ് ചൈനക്കാർ മഷി കണ്ടുപിടിച്ചത്. അതോടെ നിരവധി മുദ്രണ തന്ത്രങ്ങൾ പരീക്ഷിക്കപ്പെട്ടു . എന്നാൽ സാങ്കേതിക ബുദ്ധിമുട്ടുകളാണ് ആദ്യകാല കണ്ടുപിടുത്തങ്ങളിൽ വിനയായത് . ഇതൊക്കെ പരിഹരിച്ച് 1450-ൽ ജർമ്മൻകാരനായ ജോഹന്നാസ് ഗുട്ടൻബർഗ് പുതിയ




അച്ചടി വിദ്യ കണ്ടുപിടിച്ചു . 264 അച്ചുകൾ ഉണ്ടാക്കിക്കൊണ്ടായിരുന്നു തുടക്കം . മരം കൊണ്ട് നിർമ്മിച്ച ഫ്രെയിമിനുള്ളിൽ അച്ചുകൾ ക്രമീകരിച്ച് അവയിലേക്ക് മഷി പ്രവഹിപ്പിച്ച് കടലാസ്സിലേക്ക് പകർത്തുന്ന രീതിയാണിത് .ഇന്ന് ഓഫ്സെറ്റ് പ്രസ്സുകളുടെ കാലമാണ് .

1905 -ല് അമേരിക്കക്കാരനായ ഇറാഡബ്ല്യൂ റൂബെല് ആണ് ഓഫ്സെറ്റ് കണ്ടുപിടിച്ചത് . എന്നാലും അച്ചടിയുടെ പിതാവ് ഗുട്ടൻബർഗ് തന്നെ.

# അത്യാഗ്രഹം ആപത്താണ്

ഒരിക്കൽ ഒരു വനവേടൻ കാട്ടിലൂടെ നടക്കുകയായിരുന്നു. കുറെ നടന്നിട്ടും ഒറ്റ മൃഗത്തെപ്പോലും കണ്ടെത്താൻ ആയില്ല.

അവസാനം നിരാശനായി മടങ്ങാൻ തുടങ്ങവെ ഒരു പുള്ളിമാൻ ആ വഴി വന്നു.

സന്തോഷവാനായ വേടൻ മാനിനെ അമ്പെയ്തു വീഴ്ത്തി. അതിനെ തോളിലേറ്റി നടന്നു നീങ്ങവെ വഴിയിൽ അദ്ദേഹം തടിച്ചുകൊഴുത്ത ഒരു പന്നിയെ കണ്ടു.

പന്നിയെ കൂടി സ്വന്തമാക്കണമെന്ന് കരുതിയ വേടൻ മാനിനെ തോളിൽ നിന്നും ഇറക്കിയ ശേഷം പന്നിയെ അമ്പെയ്തു.

അമ്പുതറച്ച് മരണവെപ്രാളംകൊണ്ട പന്നി വേടന് ഒന്നു ഓടിയൊളിക്കാൻ പോലും സമയം കൊടുക്കാതെ അയാളെ ആക്രമിച്ചു.

പന്നിയുടെ വളഞ്ഞുകൂർത്ത തേറ്റകൾ വേടന്റെ വയറ്റിൽ ആഴ്ന്നിറങ്ങി.അങ്ങനെ വേടൻ കൊല്ലപ്പെട്ടു. മരണവെപ്രാളത്തിനിടയിൽ വേടന്റെ ചവിട്ടേറ്റ് പുറ്റിൽ ഉണ്ടായിരുന്ന ഒരു പാമ്പ് ചത്തു.

ഈ സമയം അതുവഴി  ഒരു കുറുക്കൻ വന്നു.അവൻ പന്നി, മാൻ ,വേടൻ ,പാമ്പ് എന്നിവയുടെ മൃതശരീരങ്ങൾ കണ്ടു. കുറുക്കൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി.

അവന് ഏതാദ്യം കഴിക്കും എന്ന് നിശ്ചയമില്ലാതായി. ഓർക്കാപ്പുറത്ത് കിട്ടിയ ഈ സൗഭാഗ്യം കുറുക്കനെ അന്ധനാക്കി. അവൻ ഓരോ മൃതശരീരവും മണത്തുനോക്കി രസിച്ചു.

വേടന്റെ കയ്യിലുണ്ടായിരുന്ന വില്ലും മണത്തുനോക്കി. ഏതോ വിശേഷപ്പെട്ട മൃഗത്തിന്റെ കുടൽമാല ഉണക്കി നിർമ്മിച്ചിരിക്കുന്ന ഞാണിന്റെ ഗന്ധം കുറുക്കനെ കൊതിപ്പിച്ചു.

അവൻ ഞാണിന്റെ ഒരഗ്രം തന്റെ മുഖത്തിനു നേരെ വരത്തക്കവണ്ണം കാൽചവിട്ടി പിടിച്ച് നക്കാൻ തുടങ്ങി.

നാക്കിന്റെ അരംകൊണ്ട് ഞാൺപൊട്ടി ചാപത്തിന്റെ അഗ്രം കുറുക്കന്റെ നെറ്റിയിൽ തറച്ചു. അങ്ങനെ കുറുക്കനും മരിച്ചു വീണു.

*****

# ഉപായവും അപായവും

ഒരു ആൽമരത്തിൽ കുറെ കൊറ്റികൾ താമസിച്ചിരുന്നു. ആ മരത്തിന്റെ താഴത്തെ പൊത്തിൽ ഒരു കൃഷ്ണ സർപ്പവും. കൃഷ്ണ സർപ്പം ഇടക്കിടെ ആൽ-മരത്തിൽ കയറും. എന്നിട്ട് കൊറ്റിക്കുഞ്ഞുങ്ങളെ പിടിച്ചു തിന്നും. ഇതൊരു പതിവായപ്പോൾ കൊറ്റികളെല്ലാം ഒത്തുകൂടി. അവർ സർപ്പത്തെ ഇല്ലാതാക്കാനുള്ള മാർഗ്ഗം ആലോചിച്ചു.

അവർ തടാകക്കരയിലെ ഞണ്ടിനെ കണ്ട് തങ്ങളുടെ സങ്കടം ഉണർത്തിച്ചു. പ്രായവും പക്വതയുമുള്ള ഞണ്ട് തങ്ങൾക്കൊരുപായം പറഞ്ഞുതരുമെന്ന് അവർ വിശ്വസിച്ചു.

അവരുടെ വിശ്വാസം ശരിയായിരുന്നു ഞണ്ട് ഒരുപായം പറഞ്ഞു.

"കൂട്ടുകാരേ, തടാകത്തിൽനിന്ന് കുറെ മത്സ്യങ്ങളെ പിടിച്ച്, തടാകം മുതൽ കൃഷ്ണസർപ്പത്തിന്റെ മാളം വരെ ഓരോന്നായി വിതറുക. മത്സ്യം തിന്നാനെത്തുന്ന കീരി ആൽമരച്ചുവട്ടിലെത്തി അവനെ കൊല്ലും. അങ്ങനെ നിങ്ങളുടെ ദുഃഖം മാറും. "കൊറ്റികൾക്ക് സന്തോഷമായി. അവർ അതിനു പിന്നിലെ അപകടം മനസ്സിലാക്കിയില്ല. മറ്റൊന്നും ആലോചിക്കാതെ അവർ ഞണ്ട് പറഞ്ഞ പ്രകാരം ചെയ്തു അങ്ങനെ മത്സ്യം ഭക്ഷിച്ചെത്തിയ കീരി കൃഷ്ണസർപ്പത്തെ കൊന്ന് സ്ഥലം വിട്ടു. പക്ഷേ, കീരി അവിടെ താമസിച്ചിരുന്ന കൊറ്റികളെ കാണുകയും അവയെ ഓരോന്നായി പിടിച്ച് തിന്നുകയും ചെയ്തു. അങ്ങനെ കൊറ്റികളുടെ വംശം തന്നെ ഇല്ലാതായി.

ഒരു കാര്യം ചെയ്യുന്നതിന് മുൻപ് രണ്ടുവട്ടം ആലോചിക്കുന്നത് നല്ലതാണ്.

"ബുദ്ധിമാൻമാർ ഉപായം ആലോചിക്കുമ്പോൾ തന്നെ അതിനു പിന്നിലെ അപായത്തെക്കുറിച്ചും ചിന്തിച്ചിരിക്കണം."

****

# എ.ടി.എം

ഓട്ടോമാറ്റിക് ടെല്ലർ മെഷീൻ അഥവാ എ.ടി.എം . ഇന്ന് എല്ലായിടത്തും സജീവമായി . പാതി രാത്രിയിലാണെങ്കിലും പണം പിൻവലിക്കാനുള്ള സംവിധാനമാണിത് . ബാങ്ക് അനുവദിക്കുന്ന എ.ടി.എം. കാർഡും കോഡ്നമ്പരും ഉപയോഗിച്ചാണ് ബാങ്ക് ജീവനക്കാരുടെ സഹായം കൂടാതെ ആവശ്യാനുസരണം പണം പിൻവലിക്കുന്നത്.

ഡോൺ വെറ്റസെൽ എന്ന അമേരിക്കക്കാരൻ ആണ് എ.ടി.എമ്മിന്റെ ആശയം ആദ്യമായി അവതരിപ്പിക്കുന്നത്. ഒരിക്കൽ അത്യാവശ്യമായി ഇടപാട് നടത്താൻ ബാങ്കിൽ കാത്തുമുഷിയേണ്ടിവന്ന ഡോൺ ജീവനക്കാരില്ലാതെ പണമിടപാട് നടത്തുന്ന യന്ത്രത്തെ കുറിച്ച് ചിന്തിച്ച് കണ്ടെത്തുകയായിരുന്നു .

1969-ൽ അമേരിക്കയിലെ കെമിക്കൽ ബാങ്കിലാണ് ആദ്യത്തെ എ.ടി.എം വെറ്റസെൽ സ്ഥാപിക്കുന്നത് . 1971-ലാണ് ആധുനിക രീതിയിൽ പരിഷ്കരിച്ച എ.ടി.എം ലോകം കാണുന്നത് .


# കമ്പ്യൂട്ടർ

കമ്പ്യൂട്ടർ ഇന്ന് നിത്യജീവിതത്തിന്റെ ഭാഗമായിരിക്കുകയാണ്. ബ്രിട്ടീഷ് ഗണിത ശാസ്ത്രജ്ഞനായിരുന്ന ചാൾസ് ബാബേജാണ് ഈ മഹത്തായ കണ്ടുപിടിത്തം നടത്തിയത്. റോയൽ ആസ്ട്രോണമിക്കൽ സൊസൈറ്റിയിലെ കണക്കുകളിൽ കണ്ട തെറ്റുകളുടെ കുമ്പാരമാണ്, തെറ്റുകൂടാതെ വേഗത്തിൽ ചെയ്യാനും ഓർത്തു വെക്കാനും പറ്റുന്ന ഒരു ഉപകരണം കണ്ടെത്താൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. പത്തുവർഷത്തെ ഗവേ ഷണത്തിനൊടുവിൽ 1822-ൽ ഡിഫറൻസ് എൻ ജിന്റെ രൂപരേഖയാക്കി. രാഷ്ട്രീയമായി സ്വാധീനമില്ലാത്തത്,സാമ്പത്തിക സഹായം ലഭിക്കുന്നതിനും അതുവഴി ഉപകരണ നിർമ്മാണം മെച്ചപ്പെടുത്തുന്നതിനും വിനയായി. ബാബേജിന്റെ

പ്രധാന ആശയമായിരുന്ന നിർദ്ദേശങ്ങൾ

സൂക്ഷിച്ചുവെയ്ക്കൽ , മെമ്മറി , പ്രിന്റിംഗ് എന്നിവ .

# ഇടശ്ശേരി



1906 ഡിസംബർ 23-ന് കുറ്റിപ്പുറത്ത് ജനിച്ച ഇടശ്ശേരി ഗോവിന്ദൻ നായർ കവി,നാടകകൃത്ത്, സാമൂഹികപ്രവർത്തകൻ, വക്കീൽ ഗുമസ്ഥൻ എന്നീ നിലകളിൽ അറിയപ്പെടുന്നു.

സ്വന്തം പരിശ്രമത്താൽ ഇംഗ്ലീഷിലും സംസ്കൃതത്തിലും പാണ്ഡിത്യം നേടിയ അദ്ദേഹം ആലപ്പുഴ , കോഴിക്കോട്, പൊന്നാനി എന്ന സ്ഥലങ്ങളിൽ വക്കീൽ ഗുമസ്ഥനായി ജോലി നോക്കിയിട്ടുണ്ട് .

സാമൂഹിക , രാഷ്ട്രീയ , സാംസ്കാരിക രംഗങ്ങളിൽ സജീവമായി പ്രവർത്തിച്ച ഇടശ്ശേരി ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളെ തന്റെ

കവിതകളിൽ ആവിഷ്കരിച്ചു . കർഷകരുടെയും തൊഴിലാളികളുടെയും ഒട്ടേറെ കവിതകൾ എഴുതിയതിനാൽ അദ്ദേഹം ശക്തിയുടെ കവി എന്നറിയപ്പെടുന്നു .

1970-ൽ കേന്ദ്രസാഹിത്യഅക്കാദമി അവാർഡും 1971-ൽ കേരള സാഹിത്യഅക്കാദമി അവാർഡും കരസ്ഥമാക്കിയ ഇടശ്ശേരിയുടെ പ്രധാന കൃതികൾ പൂതപ്പാട്ട്, അളകാവലി, കറുത്തചെട്ടിച്ചികൾ , കാവിലെ പാട്ട്, ഒരു പിടി നെല്ലിക്ക, തത്വ ശാസ്ത്രമുറങ്ങുമ്പോൾ, പുത്തൻ കലയും അരിവാളും എന്നീ കാവ്യസമാഹാരങ്ങളും കൂട്ടുകൃഷി, നൂലാമാല, എണ്ണിച്ചുട്ടപ്പം, കളിയും ചിരിയും, തൊടിയിൽ പടരാത്ത മുല്ല എന്നീ നാടകങ്ങളുമാണ്.

1974 ഒക്ടോബറ് 16-ന് ഇടശ്ശേരി അന്തരിച്ചു.

# ടൂത്ത് ബ്രഷ്

ഇംഗ്ലീഷുകാരനായ വില്യം അഡിസാണ് ടൂത്ത് ബ്രഷ് കണ്ടെത്തിയതിൻ പിന്നിലെ പ്രതിഭ. ഇംഗ്ലണ്ടിലെ ന്യൂഗേറ്റ് ജയിലിൽ തടവുകാരനായിരുന്ന സമയത്താണ് പല്ല വൃത്തിയാക്കാൻ മെച്ചപ്പെട്ട ഒരു ഉപകരണം കണ്ടെത്താൻ അഡിസ് ശ്രമം തുടങ്ങിയത്. സൾഫർ ലായനിയിൽ പഴന്തുണി മുക്കിയായിരുന്നു തടവിലുള്ളവർ പല്ല് വൃത്തിയാക്കിയത്. ഒരിക്കൽ ജയിലിൽ നിന്നും തിന്നാൻ ലഭിച്ച പശുവിന്റെ ഇറച്ചിയിൽ നിന്ന് ഒരു എല്ലിൻകഷ്ണം കിട്ടി. എല്ലിൻ കഷ്ണത്തിൽ നാര് ഘടിപ്പിക്കാമെന്ന് അയാൾ കണ്ടെത്തി. രണ്ടാമത് കാട്ടുപന്നിയുടെ രോമങ്ങൾ ഉപയോഗിച്ച തുടങ്ങി. 1938 -ലാണ് നൈലോണ് ഉപയോഗിച്ച് ആദ്യത്തെ ടൂത്ത് ബ്രഷ് പിറക്കുന്നത്. 1960 മുതല്ക്കുമാത്രമാണ് അമേരിക്കന് കമ്പനിയായ

# സ്കബിബ് ബ്രോക്ലാസെന്റ് എന്നറിയപ്പെടുന്ന ടൂത്ത് ബ്രഷ് വിപണിയിൽ എത്തിയത്.

# ടെലിഗ്രാഫ്

ഇലക്ട്റോണിക് വയറുകളിലൂടെ വൈദ്യുത സന്ദേശങ്ങളയയ്ക്കുന്ന സംവിധാനമാണ് ടെലിഗ്രാഫ് . 1837-ൽ ഇംഗ്ലീഷുകാരായ വില്യം എഫ്.കുക്കും . ചാൾസ് ഹീറ്റ് സ്റ്റോണും ആദ്യത്തെ പ്രവർത്തനക്ഷമമായ ടെലിഗ്രാഫ് കണ്ടുപിടിച്ചു .

സ്കോട്ട് ലാന്റുകാരനായ ചാൾസ് മാർഷലാണ് വൈദ്യുത ടെലിഗ്രാഫിന്റെ ആശയം ലേഖനത്തിലൂടെ പുറത്തുവിടുന്നത് . ഇതേതുടർന്ന് .

കുക്കും ചാൾസ് വീറ്റ്സ്റ്റോണും ചേർന്ന് എല്ലാ അക്ഷരങ്ങൾക്കും കൂടി അഞ്ചു കമ്പികൾ മാത്രം ഉപയോഗിക്കുന്ന ടെലിഗ്രാഫ് സംവിധാനം കണ്ടുപിടിച്ചു . പിന്നീട് രണ്ട് കമ്പികൾ ഉപയോഗിച്ചു പ്രവർത്തിക്കുന്ന ടെലിഗ്രാഫ് അവർ വികസിപ്പിച്ചെടുത്തു.

# മതിലേരിക്കന്നി

തിരുവെഴുത്താലോലതു കണ്ടോണ്ടാരെ

കിടുകിടെ പൊട്ടിക്കരഞ്ഞേ കന്നി

കണ്ണീരും കൈയ്യായി നിന്നവള്

കരഞ്ഞും പറഞ്ഞല്ലോ കുഞ്ഞിക്കന്നി

“കനകം നാളേറെ മനം കൊതിച്ച്

കരളിനകത്തുള്ള നാടുവാഴിക്ക്

അറിയാതെയായിരം കുറ്റം കണ്ട്

അതിനെന്തുടയോനെ! വേണ്ടത് ഞാനേ

ഓലുണ്ടമ്മണ്ണിലും ചോരയിലും

ഞാനുണ്ടീയേഴ്ട്ടട്ട് മാള്യേമ്മല്”

പൊറുക്കുന്നില്ലച്ചാ പൊറുക്കുന്നില്ലേ

നെഞ്ചുണ്ടിരുമ്പൊലച്ചൂളയാവുന്നേ!

പതിനേഴും കോപ്പും തലതേഞ്ഞിറ്റ്

പതിനെട്ടോടത്താഴം വെച്ചെനക്ക്

ഇരുപത്തിയാറ് വയസ്സനർക്ക്

തിരുമേനി പടയിലെന്തേം വന്നെങ്കില്

എവിടെവെച്ചാ പൊറുക്കും ഞാനേ

നാട്ടുവാഴി തെയലിഞ്ഞാഞലേ ഞാൻ തെളിയൂ!

നാട്ടുവാഴീരുന്നാലെ ഞാനിരിക്കൂ!

നാളത്തെ പുല്ലപുലരും കാലം

വേണാട് പൂങ്കൊയിലോം പോണെനക്ക്

തിരുവെഴത്താലോലാതുകാണനേരം

കൈമെയ്യിറക്കവും വന്നെനക്ക്

മെയ്യെല്ലാം കണ്ണായിത്തോന്നെയനക്ക്

തലവൻ പടനായരത്തോടിയച്ഛൻ

കേക്ക് മലയോരം കാരണ്ടാലോ

പന്തിരണ്ടോമനത്തിരുവയസ്സില്

പയറ്റിത്തെളിഞ്ഞ് പണിക്കാരാക്കി

അടവും തൊഴിലും പഠിപ്പിച്ചവൻ

പടനിലച്ചന്തം പഠിപ്പിച്ചവൻ

ആണായും പെണ്ണായും പോറ്റ്യേന്റച്ചൻ

അച്ഛൻകനിവെന്നോടുണ്ടെങ്കില്

പടപൊയ്യ താപ്പൂട്ടി വന്നാളാലോ.”

സമ്പാദനം: ടി.എച്ച്. കുഞ്ഞിരാമൻനമ്പ്യാർ

# സ്നേഹം

സ്നേഹം അതുതന്നെ

ഭൂമി തൻ സൗന്ദര്യം

വൃക്ഷത്തിൽ കായ്കളെ പോലെ

ആകാശത്തിൻ മഴയെപ്പോലെ

ഭൂമിതൻ സൗന്ദര്യം

മനുഷ്യരുടെ ഒരുമയാണ്

പച്ചപ്പ് നിറഞ്ഞ പ്രകൃതിയാണ്

സമുദ്രത്താൽ നിറഞ്ഞ താഴ്വാരവും

സ്നേഹമെന്നാൽ ഭൂമിയെ

നിലനിർത്തിടും സംരക്ഷണവലയമോ

എന്റെ മനസ്സ് പറയുന്ന

സ്നേഹമൊരു വിചാരമല്ല

തീവ്രമായ സ്നേഹം തന്നെ!

ദ്യുതി

# നന്ദി




# ലിറ്റിൽ കൈറ്റ്സ്

## ഗവ:ഗേൾസ്.എച്ച്.എസ്.ആലപ്പുഴ

ജി.ജി.എച്ച്.എസ്.ആലപ്പുഴ